Leave Vacancies—Education Department—1113.

237. Mr. T. A. Ramachandra Ayyar *(Nellayi).*—Will the Government be pleased to state the number of teachers who took leave till now in the Educational Department this year and the number of such vacancies not filled up during the leave period?

Rao Sahib I. N. Menon *(Director of Public Instruction).*—253; 84.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ *(Nellayi).*— വ്യ വേക്കൻസീസ്സ എന്നു പറഞ്ഞു. ഈ വേക്കൻസീസ്സ് ഓരോന്നും ഏകദേശം എത്ര കാലത്തേക്കുണ്ടായിരുന്നു?

റാവുസാഹിബ് ഐ. എൻ. മേനോൻ *(Director of Public Instruction).*— ഓരോ വേക്കൻസീസും എത്ര കാലം വീതമുണ്ടായിരുന്നു എന്നു പറയാൻ നിവൃത്തിയില്ല. കാലദീർഘം കുറഞ്ഞ വേക്കൻസീസ്സാണ്. ഒരു മാസത്തിൽ കുറഞ്ഞുള്ള വേക്കൻസി ഡീൽ ചെയ്യാറില്ല.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ *(Nellayi).*— ഈ വ്യ വേക്കൻസീസും ഒരു മാസത്തിൽ കുറഞ്ഞതാണെന്നു പറയാമോ?

റാവു സാഹിബ് ഐ. എൻ. മേനോൻ *(Director of Public Instruction).*— വളരെ ഷോർട്ട് വേക്കൻസീസാണ്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ *(Nellayi.)*— പകരംവെക്കാതെ കണ്ടുള്ള രണ്ടുമാസത്തിൽ കൂടുതലായ വേക്കൻസീസുണ്ടായിട്ടുണ്ടോ?

റാവു സാഹിബ് ഐ. എൻ. മേനോൻ *(Director of Public Instruction).*— ഇല്ല.

Mr. P. Kumaran Ezhuthassan *(Wadakkancheri).*—May I know, Sir, if the Government are aware that by the time the vacancies are filled up the gentlemen who had gone on leave have returned? Are there not such cases ?

Rao Sahib I. N. Menon *(Director of Public Instruction).*—That is one reason why Government are saying that short vacancies need not be filled up. By the time reports are received through the proper channel and the substitute is appointed by the Staff Selection Board the period of the vacancy would have expired. That was one very special reason why Government did not think it necessary to fill up short vacancies.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North).*— ഒരു വേക്കൻസീസിൽ അപ്പോയിൻറുമെൻറു നടത്തീട്ടുണ്ട് എന്നു പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

ഇതെല്ലാം മെഡിക്കൽ സർട്ടിഫിക്കറിന്മേൽ ലീവു കൊടുത്തിട്ടുള്ളതാണൊ?

റാവു സാഹിബ് ഐ. എൻ. മേനോൻ *(Director of Public Instruction)*.—എല്ലാമങ്ങിനെയല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— മെഡിക്കൽ സർട്ടിഫിക്കറു ഹാജരാക്കത്തവർ ഈ വിധം പേരിൽ വല്ലവരുമുണ്ടോ?

റാവു സാഹിബ് ഐ. എൻ. മേനോൻ *(Director of Public Instruction)*.— ഉണ്ട്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— ഏതെങ്കിലും സംഗതിയിൽ ലീവു ആവശ്യപ്പെട്ടാൽ മെഡിക്കൽ സർട്ടിഫിക്കറു ഹാജരാക്കണമെന്ന് പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടുണ്ടോ?

റാവുസാഹിബ് ഐ. എൻ. മേനോൻ *(Director of Public Instruction)*.—സാധാരണയായിട്ട വെക്കേഷൻ ഡിപ്പാർട്ടുമെണ്ടിലുണ്ട്. ലീവ് എടുക്കുന്നതു പ്രീവിലേജാണെന്നുവെച്ച് ആവശ്യമില്ലാത്ത കാര്യങ്ങളിലും അവധി എടുക്കുന്നുണ്ട്. ദിനം പിടിപെടുകയോ മറേറാ ചെയ്താൽ ജോലിക്കു വരാൻ നിവൃത്തിയില്ലല്ലൊ. അതുകൊണ്ട് സാധാരണയായിട്ട വെക്കേഷൻ ഡിപ്പാർട്ടുമെണ്ടിലെ മാസ്റ്റർമാർക്ക് മെഡിക്കൽ സർട്ടിഫിക്കറിന്മേലേ ലീവു കൊടുക്കുന്നുള്ളൂ.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ *(Nellayi)*— ഈ ഓർഡർ എന്നു മുതൽക്കാണ് പാസ്സായിട്ടുള്ളതു?

Rao Sahib I. N. Menon *(Director of Public Instruction)*.— I want notice.

Dr. A. R. Menon *(Pallippuram)*.—How many working days are there in a year?

Rao Sahib I. N. Menon *(Director of Public Instruction)*.— Very few. About 160 days.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— ഒരദ്ധ്യാപന്റെ അച്ഛനൊ ഭാര്യക്കൊ സുഖക്കേടായി ലീവു എടുക്കണമെങ്കിൽ ആ അദ്ധ്യാപകൻ മെഡിക്കൽ സർട്ടിഫിക്കറു ഹാജരാക്കണൊ?

റാവു സാഹിബ് ഐ. എൻ. മേനോൻ *(Director of Public Instruction)*.— അതു സാധ്യമല്ല.

മിസ്റ്റർ എ. വി. മൂത്തേടൻ *(Chalakkudi)*.— അങ്ങിനെ വന്നാൽ എന്താണു ചെയ്യുക?

LIBRARY ARCHIVES Kerala Legislative Assembly

റാവുസാഹിബ് ഐ. എൻ. മേനോൻ (*Director of Public Instruction*).— അപ്പോൾ ഗവമ്മെൻറു വേണ്ട മാതിരി ചെയ്യും.

Mr. P. Kumaran Ezhuthassan (*Wadakkancheri*).— May I know, Sir, whether there is any recent circular which says that such medical certificates should be obtained from a medical officer not below the rank of an Assistant Surgeon?

Rao Sahib I. N. Menon (*Director of Public Instruction*).— That is the prescribed qualification for all medical certificates. I think it applies to all medical certificates issued so far as Government are concerned.

Mr. P. Kumaran Ezhuthassan (*Wadakkancheri*).— Is the Government, therefore, aware that hardship has been felt by persons applying for leave on very sufficient grounds to get these certificates from Assistant Surgeons, for example teachers and other officers in village parts finding it difficult to go to the Assistant Surgeon who is not available in those parts? Is the Government aware of that?

Rao Sahib I. N. Menon (*Director of Public Instruction*).— No instance of any such hardship has been brought to our notice.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— ഇങ്ങിനെയുള്ള അവധി എടുക്കണമെങ്കിൽ സിവിൽ സർജൻറെ സർട്ടിഫിക്കറു വേണമെന്നു നിർബന്ധമുണ്ടോ?

റാവുസാഹിബ് ഐ. എൻ. മേനോൻ (*Director of Public Instruction*).— ഇല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— സബ് അസിസ്റ്റൻറു സർജൻറെ സർട്ടിഫിക്കറോടുകൂടി ലീവിന് അപേക്ഷിച്ചിട്ട് സിവിൽ സർജൻറെ സർട്ടിഫിക്കറു വേണമെന്നു പറഞ്ഞു ലീവു അനുവദിക്കാതിരുന്നിട്ടുള്ളതായി ഗവമ്മെൻറിന്നു ഓർമ്മയുണ്ടോ?

റാവുസാഹിബ് ഐ. എൻ. മേനോൻ (*Director of Public Instruction*).—സബ് അസിസ്റ്റൻറു സർജൻറെ സർട്ടിഫിക്കറു കൊണ്ടുവന്നിട്ട അസിസ്റ്റൻറു സർജൻറെ സർട്ടിഫിക്കറു വേണമെന്നു പറഞ്ഞതായിട്ട് ഓർമ്മയുണ്ട്.

Medical Inspection of Schools—1112.

238. Mr. T. A. Ramachandra Ayyar (*Nellayi*).—Will the Government be pleased to place on the table a consolidated result of the Medical Inspection of schools carried out during the year 1112 especially with reference to the following points (1) what

LIBRARY ARCHIVES Kerala Legislative Assembly